# ഇന്ത്യയും ഫിൻലാൻഡും തമ്മിലുള്ള 13-ാമത് വിദേശകാര്യ ഓഫീസ് കൺസൾട്ടേഷനുകൾ

നവംബർ 07, 2025

2025 നവംബർ 6 ന് ഹെൽസിങ്കിയിൽ ഇന്ത്യയും ഫിൻലാൻഡും തമ്മിലുള്ള 13-ാമത് വിദേശകാര്യ ഓഫീസ് കൺസൾട്ടേഷനുകൾ (FOC) നടന്നു. ഇന്ത്യൻ പക്ഷത്തെ വിദേശകാര്യ മന്ത്രാലയം സെക്രട്ടറി (വെസ്റ്റ്) ശ്രീ. സിബി ജോർജും ഫിന്നിഷ് പക്ഷത്തെ ഫിൻലാൻഡ് വിദേശകാര്യ മന്ത്രാലയത്തിന്റെ സ്ഥിരം സ്റ്റേറ്റ് സെക്രട്ടറി ശ്രീ. ജുക്ക സലോവാരയും നയിച്ചു. ഹെൽസിങ്കി സന്ദർശന വേളയിൽ, സെക്രട്ടറി (വെസ്റ്റ്) ഫിൻലാൻഡിന്റെ തൊഴിൽ മന്ത്രി ശ്രീ. മതിയാസ് മാർട്ടിനെനുമായി കൂടിക്കാഴ്ച നടത്തി.

2.ഇന്ത്യ-ഫിൻലാൻഡ് ഉഭയകക്ഷി ബന്ധത്തിലെ പുരോഗതി ഇരുപക്ഷവും വിലയിരുത്തി. വ്യാപാരം, നിക്ഷേപം, ഡിജിറ്റലൈസേഷൻ, ക്വാണ്ടം കമ്പ്യൂട്ടിംഗ്, 5G/6G, AI, സുസ്ഥിരത, പരിസ്ഥിതി സൗഹാർദ്ദ സാങ്കേതികവിദ്യകൾ, പുനരുപയോഗത്തിൽ അധിഷ്ഠിതമായ സർക്കുലർ സമ്പദ്‌വ്യവസ്ഥ, വിദ്യാഭ്യാസം, ഗവേഷണം, വികസനം, ജനങ്ങൾ തമ്മിലുള്ള ബന്ധം, സഞ്ചാരസൗകര്യം എന്നീ മേഖലകളിലെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധതയും ഇരുപക്ഷവും ആവർത്തിക്കുകയും ചെയ്തു.

3.EU, നോർഡിക് മേഖലകളിലെ ഇന്ത്യയുടെ വിശ്വസ്ത പങ്കാളിയാണ് ഫിൻലാൻഡ്. ഇന്ത്യ-EU തന്ത്രപരമായ പങ്കാളിത്തത്തിന് കീഴിലുള്ള സഹകരണം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതോടൊപ്പം പരസ്പരം പ്രയോജനകരമായ ഇന്ത്യ-EU സ്വതന്ത്ര വ്യാപാര കരാർ എത്രയും വേഗം അന്തിമമാക്കുന്നതിനുള്ള പിന്തുണയും ഫിനിഷ് പക്ഷം ആവർത്തിച്ചു. ആർട്ടിക്, UN എന്നിവ ഉൾപ്പെടെയുള്ള ബഹുരാഷ്ട്ര സഹകരണം സംബന്ധിച്ചും ചർച്ചകൾ നടന്നു. പരിഷ്കരിച്ച UN സുരക്ഷാ കൗൺസിലിൽ ഇന്ത്യയുടെ സ്ഥിരാംഗത്വത്തിനുള്ള ഫിന്നിഷ് പക്ഷത്തിന്റെ പിന്തുണ അവർ ആവർത്തിച്ചു.

4. പരസ്പര ആശങ്കയുള്ള പ്രാദേശിക, അന്താരാഷ്ട്ര സംഭവവികാസങ്ങളെക്കുറിച്ചും ഇരുപക്ഷവും കാഴ്ചപ്പാടുകൾ കൈമാറി. ബഹുരാഷ്ട്ര ഇടപഴകലിന്റെ പ്രാധാന്യവും ആഗോള വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചകൾ തുടരേണ്ടതിന്റെ ആവശ്യകതയും അവർ അടിവരയിട്ടു പറഞ്ഞു.

5.പതിവ് കൺസൽട്ടേഷനുകൾ തുടരാനും പരസ്പരം സൗകര്യപ്രദമായ തീയതിയിൽ അടുത്ത റൗണ്ട് വിദേശകാര്യ ഓഫീസ് കൺസൽട്ടേഷനുകൾ ന്യൂഡൽഹിയിൽ നടത്താനും ഇരുപക്ഷവും തമ്മിൽ ധാരണയായി.

**ഹെൽസിങ്കി**

**നവംബർ 06, 2025**